**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1526** **01-07-2026-ൽ മറുപടിയ്ക്ക്**

**താനൂർ മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** താനൂർ മണ്ഡലത്തിൽ ദേവസ്വത്തിന് കീഴിൽ ഏതെല്ലാം ക്ഷേത്രങ്ങളാണുള്ളതെന്നും പ്രസ്തുത ക്ഷേത്രങ്ങളിൽ കഴിഞ്ഞ പത്ത് വർഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വിശദമാക്കാമോ;

**മറുപടി:** താനൂർ മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ താഴെപ്പറയുന്ന ക്ഷേത്രങ്ങളാണുള്ളത്.

1. കുറവാംകുളങ്ങര ക്ഷേത്രം

2. കുറവട്ടിശ്ശേരി ക്ഷേത്രം

3. ഒഴൂർ വിഷ്ണു ക്ഷേത്രം

4. തൃക്കൈക്കാട്ട് ശിവക്ഷേത്രം -താനൂർ

5. തൃക്കൈക്കാട്ട് മഠം - താനൂർ

6. രായിരമംഗലം ക്ഷേത്രം - താനൂർ

7. താനാളൂർ നരസിംഹമൂർത്തി ക്ഷേത്രം

8. തിരുമങ്ങാട് ക്ഷേത്രം - ഒഴൂർ

9. മണത്തല ശിവക്ഷേത്രം - നിറമരുതൂർ

10. ആദ്ദശ്ശേരി ക്ഷേത്രം പൊന്മുണ്ടം

11. കരിങ്കപ്പാറ വിഷ്ണുക്ഷേത്രം - ഒഴൂർ

മേൽ പറഞ്ഞവയിൽ ഒഴൂർ വിഷ്ണുക്ഷേത്രത്തിലെ കുളത്തിന്റെ നവീകരണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മറ്റുള്ള ക്ഷേത്രങ്ങളിൽ നിർമ്മാണ പ്രവൃത്തികളൊന്നും നിലവിൽ നടന്നുവരുന്നില്ല.

**(ബി)** പ്രസ്തുത ക്ഷേത്രങ്ങൾക്ക് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**